**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **04-07-2022 - ൽ മറുപടിയ്ക്ക്**

**എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറം പാലത്തിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെട്ട എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ മാലിപ്പുറം പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മാലിപ്പുറം പാലം വീതികൂട്ടി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മാലിപ്പുറം പാലം പുനർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | പാലത്തിന്റെ ശോചനീയാവസ്ഥയും പ്രാധാന്യവും കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച് 06.05.2022 തീയതിയിൽ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (സി) | വൈപ്പിൻ മണ്ഡലം എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറം പാലം 2022-23 ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെട്ടിരുന്നു. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്. ബഹു. എം.എൽ.എ 06/05/2022 തീയതിയിൽ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ